**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **04-03-2025 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ മേഖലയുടെ വളർച്ചയ്ക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ? | (എ) | യന്ത്രവത്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെയും ഡീഫൈബറിംഗ് മെഷീനുകളുടെയും അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) മുഖേന പദ്ധതി നടപ്പിലാക്കി വരുന്നതിന്റെ ആദ്യഘട്ടമായി 1.47 കോടി രൂപ KSCMMC ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കയർ സംഘങ്ങൾക്ക് Production and Marketing Incentive (PMI) പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം 6.4 കോടി രൂപയും Market Development Assistance (MDA) പദ്ധതിയിൽ കയർ മേഖലയിലെ പൊതുമേഖല സ്ഥാപനങ്ങൾക്ക് സംസ്ഥാന വിഹിതമായി 10 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>ഇൻകം സപ്പോർട്ട് പദ്ധതിയിൽ 12.49 കോടി രൂപ പരമ്പരാഗത കയർ തൊഴിലാളികൾക്കായി നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതിയിൽ കയർഫെഡിനും കയർ കോർപ്പറേഷനുമായി ആകെ 22.75 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കയർ ഭൂവസ്ത്രപദ്ധതി വ്യാപിപ്പിക്കുന്നതിനും കയർ ഉത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിപണിമൂല്യമുള്ള നവീന ഡിസൈനുകളിൽ ഉത്പന്നങ്ങൾ നിർമ്മിച്ചെടുക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID Bhopal) ന്റെ സഹകരണത്തോടെ കയർ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്കായി പരിശീലന/ നൈപുണ്യവികസന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ